## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4479** **20.10.2011-ൽ മറുപടിയ്ക്ക്**

## നൂറുദിന പരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.വി. വിജയദാസ്** | | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) | 100 ദിന പരിപാടികളിൽ ഉൾപ്പെടുത്തിയ എല്ലാ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതാണോ ; | (എ) | മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിന കർമ്മ പദ്ധതികളിൽ 107 എണ്ണത്തിൽ 101 എണ്ണം നടപ്പിലാക്കി. |
| (ബി) | പുതിയതായി ഏതെല്ലാം പദ്ധതികളാണ് ഇപ്രകാരം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് ; | (ബി) | മുഖ്യമന്ത്രിയുടെ ഓഫീസ് 7 ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നതിനായി ഒരു കാൾ സെന്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബി.പി.എൽ. കാർക്ക് 1 രൂപ നിരക്കിൽ 25 കിലോ അരി നൽകി, പച്ചക്കറി വിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൽസരിക്കാൻ ജോലി രാജിവച്ച അങ്കൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർ നിയമനം നൽകി, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചു, വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാരുടെ<br><br>(. . . . .2) |

| | | | |
|---|---|---|---|
| | | | പുനരധിവാസ നടപടികൾ, ഇ-മസ്റ്റർ റോൾ സുതാര്യമാക്കി, കുട്ടനാട്ടിൽ നെല്ല് സംഭരിച്ചവരുടെ കുടിശ്ശിക തീർക്കു ന്നതിനായി 50 കോടി രൂപ അധികം അനുവദിച്ച് വിതരണം ചെയ്തു, സർക്കാരിൻെറ കീഴിലുള്ള റോഡു കളുടെ പരിപാലനത്തിലെ പരാതികൾ അറിയിക്കാനും പരിഹരിക്കാനും ഹെൽപ്പ് ലൈൻ നടപ്പാക്കി തുടങ്ങിയ പദ്ധതികൾ പുതുതായി ആവിഷ്‌രിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ്. |
| (സി) | 100 ദിന പരിപാടിയിൽ എത്ര കോടിയുടെ പദ്ധതികളാണ് ഉദ്ദേശിച്ചു നടപ്പിലാക്കിയിട്ടുള്ളത് ? | (സി) | പദ്ധതികൾക്ക് ചെലവാകുന്ന തുകകളിൽ മാറ്റങ്ങൾ ഉണ്ടാകാവുന്ന തിനാൽ ഇത് സംബന്ധിച്ച് വിശദമായ കണക്കെടുപ്പ് നടത്തിയി ട്ടില്ല.<br><br>സെക്ഷൻ ഓഫീസർ |